(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം അനുശാസിക്കുന്ന വിധത്തിൽ, കേന്ദ്ര പിന്തുണ പദ്ധതി നടത്തിപ്പിൽ സംസ്ഥാനത്തിന് ലഭിക്കുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന അവിദഗ്ധ തൊഴിലാളികൾക്കുള്ള കൂലി, നിലവിൽ നാഷണൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം മുഖേന കേന്ദ്ര സർക്കാർ നേരിട്ട് തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് നൽകിവരുന്നുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്.

പച്ചത്തേങ്ങ സംഭരണ പദ്ധതി

21 (*141) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പച്ചത്തേങ്ങ സംഭരണത്തിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) സംസ്ഥാനത്ത് 1-1-2013 മുതൽ പച്ചത്തേങ്ങ സംഭരണ പദ്ധതി നിലവിലുണ്ട്.

(ബി) നാളികേരത്തിന് ന്യായമായ വില ഉറപ്പുവരുത്തിക്കൊണ്ട് നാളികേര വിലയിടിവിൽനിന്നും കർഷകരെ സംരക്ഷിക്കുകയും സംഭരണ പരിപാടിയുടെ പ്രയോജനം യഥാർത്ഥ കർഷകർക്ക് നേരിട്ട് എത്തിക്കുകയുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) സംസ്ഥാന കൃഷി വകുപ്പും കേരഫെഡും സംയുക്തമായിട്ടാണ് പച്ചത്തേങ്ങ സംഭരണ പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ വയനാട്, ഇടുക്കി, തിരുവനന്തപുരം ജില്ലകൾ ഒഴികെയുള്ള 11 ജില്ലകളിലെ തെരഞ്ഞെടുത്ത

LIBRARY ARCHIVES Kerala Legislative Assembly

കൃഷിഭവനുകളിലൂടെയാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. കൃഷിഭവനിൽ രജിസ്റ്റർ ചെയ്ത നാളികേര കർഷകർക്ക് ആഴ്ചയിൽ രണ്ടു ദിവസം വീതം (ചൊവ്വ, വ്യാഴം) നാളികേരം കൃഷിഭവനിൽ നൽകാവുന്നതാണ്. സംഭരണവുമായി ബന്ധപ്പെട്ട ജോലികൾ കൃഷിഭവനുകളിൽ നിർവ്വഹിക്കുന്നതിനായി ഓരോ അക്കൗണ്ടന്റിനേയും രണ്ട് തൊഴിലാളികളെയും കേരഫെഡ് ചുമതലപ്പെടുത്തിയിട്ടുണ്ട്. സംഭരണ സംസ്കരണ പരിപാടികൾക്ക് മേൽനോട്ടം വഹിക്കാൻ കൃഷി വകുപ്പിൽനിന്നും ഉദ്യോഗസ്ഥരെ കേരഫെഡിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയോഗിച്ചിട്ടുണ്ട്. കൃഷിഭവനുകളിൽ കർഷകരിൽനിന്നും നേരിട്ട് സംഭരിക്കുന്ന പച്ചനാളികേരം കേരഫെഡിന് കൈമാറുകയും കേരഫെഡ് ഈ നാളികേരം സംസ്കരിച്ച് കൊപ്രയാക്കി മാറ്റുകയും ചെയ്യുന്നു. സംഭരിക്കുന്ന നാളികേരത്തിന്റെ വില കർഷകർക്ക് ബാങ്ക് അക്കൗണ്ടുകൾ മുഖേനയാണ് നൽകിവരുന്നത്. പൊതുവിപണിയിൽ കിലോഗ്രാമിന് 15-16 രൂപ വിലയുള്ളപ്പോൾ 25 രൂപ വിലയ്ക്കാണ് കൃഷിഭവൻ വഴി കേരഫെഡ് സംഭരിക്കുന്നത്. 1-1-2013 മുതൽ ആരംഭിച്ച ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ 371 കൃഷിഭവനുകളിൽനിന്നും 83160 ടൺ പച്ചനാളികേരം കേരഫെഡ് സംഭരിച്ചിട്ടുണ്ട്.

ഗൾഫ് രാജ്യങ്ങളിലെ സാമ്പത്തിക അസ്ഥിരത

22 (*142) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ഡോ. കെ. ടി. ജലീൽ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംസ്കൃത എണ്ണയുടെ വിലയിടിവിനെത്തുടർന്നുള്ള ഗൾഫ് രാജ്യങ്ങളിലെ സാമ്പത്തിക അസ്ഥിരത, പ്രവാസികളെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ആയത് പ്രവാസികൾ മടങ്ങിവരുന്നതിന് കാരണമാകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പലകാരണങ്ങളാൽ നാട്ടിലേക്ക് മടങ്ങിവന്ന പ്രവാസികളുടെ ക്ഷേമത്തിനായി ഇതുവരെയായി പ്രഖ്യാപിച്ച പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(ഡി) പദ്ധതിനടത്തിപ്പിലൂടെ ലക്ഷ്യങ്ങൾ നേടാനായോ എന്നറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly